Answer

(a, b, c) The Director of Collegiate Education has instructions to apply for a Government Junior College at Munnar for the year 1986-87. The recommendations of the Gandhiji University for starting of new Colleges/Courses during 1986-87 have not been received so far.

ലക്ചറർമാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ

79. [128] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വിദ്യാലയ വർഷാരംഭത്തിൽ (1985 ജൂണിൽ) ഡി.സി.ഇ. പുറപ്പെടുവിച്ച ലക്ചറർമാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ ഇനിയും പ്രാബല്യത്തിൽ വരുത്താതെയുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ബി) ഇവ നടപ്പിലാക്കാതെ ഇരിക്കുന്നതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) ഈ അദ്ധ്യയനവർഷം തീർന്നിരിക്കുന്ന ഈ അവസരത്തിലെങ്കിലും ഇവ നടപ്പിൽ വരുത്തുവാനുള്ള അടിയന്തിര നിർദ്ദേശം ഡി.സി.ഇ.ക്കു നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 6-6-1985-ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ എഫ് 1-23732/85/കോ. എഡ്യു. പ്രകാരം തത്വശാസ്ത്രവിഭാഗത്തിൽ പുറപ്പെടുവിച്ച സ്ഥലംമാറ്റ ഉത്തരവിൽ മൂന്നു അദ്ധ്യാപകരുടെ സ്ഥലംമാറ്റം പ്രാബല്യത്തിൽ വരുത്താതെയുണ്ട്.

(ബി, സി) തത്വശാസ്ത്ര വിഭാഗത്തിൽ കോട്ടയം, ചിറ്റൂർ എന്നീ ഗവൺമെൻറ് കോളേജുകളിൽനിന്ന് സ്ഥലംമാറ്റപ്പെട്ട അദ്ധ്യാപകർക്കു പകരം നിയമനം നടത്താതെ അവരെ റിലീവ് ചെയ്താൽ പ്രസ്തുത കോളേജുകളിലെ അദ്ധ്യാപനത്തെ അത് സാരമായി ബാധിക്കുമെന്നുള്ളതിനാലും എന്നാൽ ഏതേതു കോളേജുകളിലേക്കാണോ സ്ഥലം മാറ്റിയിട്ടുള്ളത് അവിടെ പ്രസ്തുത അദ്ധ്യാപകർ ഉടൻതന്നെ ജോലിക്കു ഹാജരായില്ലെങ്കിലും അവിടത്തെ അദ്ധ്യാപനത്തിന് ബുദ്ധിമുട്ട് നേരിടുകയില്ല എന്നുള്ളതുകൊണ്ടും അവരെ പിന്നീട് റിലീവ് ചെയ്താൽ മതി എന്നു നിർദ്ദേശിച്ചിരുന്നു യൂണിവേഴ്സിറ്റി റഗുലേഷൻ പ്രകാരം സൈക്കോളജി സബ് സിഡിയറി വിഷയമുള്ള ഫിലോസഫി മെയിൻ വിദ്യാർത്ഥികളെ സൈക്കോളജി പഠിപ്പിക്കേണ്ടതു സൈക്കോളജിയിൽ മാസ്റ്റർ ബിരുദമുള്ള അദ്ധ്യാപകരായിരിക്കണം. ഇതനുസരിച്ച് സൈക്കോളജി, ഫിലോസഫി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന കോളേജുകളിൽ എത്ര അദ്ധ്യാപകർ വേണമെന്നും എവിടെയെല്ലാം ആവശ്യത്തിലധികം അദ്ധ്യാപകരുണ്ടെന്നും, പ്രസ്തുത വിഷയങ്ങൾക്കുള്ള ജോലി ഭാരം പുനർനിർണ്ണയം ചെയ്തു തീരുമാനം എടുത്തതിനുശേഷം മാത്രമേ ഒഴിവുള്ള തസ്തികകളിൽ സ്ഥലംമാറ്റം നടത്തുന്നതിനും പുതിയ നിയമനങ്ങൾ നടത്തുന്നതിനും സാധിക്കുകയുള്ളു. ഇപ്പോൾ സൈക്കോളജിയിൽ സബ്സിഡിയറിക്ലാസുകൾ എടുക്കുന്നത് ഫിലോസഫി അദ്ധ്യാപകരാണ്. യൂണിവേഴ്സിറ്റി റെഗുലേഷൻ അനുസരിച്ച് സൈക്കോളജി ക്ലാസുകൾ എടുക്കാൻ പുതിയ സൈക്കോളജി തസ്തികകൾ സൃഷ്ടിക്കണം. അപ്രകാരം തലശ്ശേരി ബ്രണ്ണൻ കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ഫിലോസഫി തസ്തിക മാറ്റം ചെയ്തത് 1984-85-ൽ സൈക്കോളജി ആക്കിയിട്ടുണ്ട്. എന്നാൽ ഇനി ഫിലോസഫിയിലുണ്ടാകുന്ന ഒഴിവുകൾ സൈക്കോളജിയായിട്ടു മാറ്റുന്നത് ഒ.പി. നമ്പർ 2798/85, 4752/85 എന്നീ പെറ്റീഷൻസിന് തീരുമാനമായിട്ടു മതി എന്ന് ഹൈക്കോടതി വിലക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൻ ഹൈക്കോടതിയിൽനിന്നും തീരുമാനമായതിനുശേഷം മാത്രമേ സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കി പുതിയ നിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

മിശ്രവിവാഹിതരായ കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം

80. [129] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിശ്രവിവാഹിതരായ കോളേജ് അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകുമ്പോൾ അവർ ആവശ്യപ്പെടുന്ന സ്ഥലത്തുതന്നെ നൽകണമെന്ന് എന്തെങ്കിലും ഉത്തരവു നിലവിലുണ്ടോ ;

(ബി) മിശ്രവിവാഹിതരായ കോളേജ് അദ്ധ്യാപക ദമ്പതികളെ ഒരേ സ്ഥലത്തുതന്നെ നിയമിക്കണമെന്നാണോ, അതോ അവർ ആവശ്യപ്പെടുന്ന സ്ഥലത്തുതന്നെ നിയമിക്കണമെന്നാണോ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ തിരുവനന്തപുരത്തുള്ള കോളേജുകളിൽ എത്ര മിശ്രവിവാഹിതരായ ദമ്പതികൾ ജോലിനോക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരുടെ സ്ഥലംമാറ്റ കാര്യത്തിൽ അഞ്ചുവർഷം മലബാറിൽ സേവനമനുഷ്ഠിക്കണമെന്ന നിബന്ധന പാലിക്കാറുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) അഞ്ചുവർഷം മലബാർസേവനം പൂർത്തിയാക്കിയിട്ടുള്ള കോളേജ് അദ്ധ്യാപകർ സ്ഥലംമാറ്റത്തിനപേക്ഷിക്കുമ്പോൾ മിശ്രവിവാഹിതരായവരെ മാറ്റാൻ പാടുകയില്ലെന്ന കാരണം പറഞ്ഞ് ആരുടെയെങ്കിലും സ്ഥലംമാറ്റം നിഷേധിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആരുടെയെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരേ സ്ഥലത്തുതന്നെ നിയമിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(സി) 17 മിശ്രവിവാഹിതർ. ഇതിൽ 5 ദമ്പതിമാരും ഉൾപ്പെടുന്നു.

(ഡി) ഇല്ല.

(ഇ) മിശ്രവിവാഹ ദമ്പതികൾക്കുള്ള ആനുകൂല്യം എന്ന നിലയിൽ.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

Scholarships granted to Anglo Indian students during 1985-86.

81. [130] Sri. Stephen Padua: Will the Education Minister be pleased to state :

LIBRARY ARCHIVES Kerala Legislative Assembly